പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3354 24.02.2016-ൽ മറുപടിക്ക്

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ

ചോദ്യം

ശ്രീ. ജി.എസ്. ജയലാൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ബസുകൾ എത്രയെന്നും ഇതിനായി എത്ര ബസുകൾ ഡിപ്പോയ്ക്ക് നൽകിയിരുന്നുവെന്നും എത്ര ജീവനക്കാരെ ഡിപ്പോയിൽ നിയമിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചാത്തന്നൂർ ഡിപ്പോയിൽ ഫാസ്റ്റ്, ഓർഡിനറി, മിനി ബസ്സ് എന്നീ ഇനങ്ങളിൽ 50 ഷെഡ്യൂളുകളിലായി 56 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.<br>01.05.2011-ലെ കണക്ക് പ്രകാരം 171 കണ്ടക്ടർ മാരെയും 128 ഡ്രൈവർമാരെയും 33 മെക്കാനിക്കുകളെയും ചാത്തന്നൂർ ഡിപ്പോയിൽ നിയമിച്ചിരുന്നു. |
| (ബി) | നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ബസുകൾ എത്രയെന്നും ഇതിലേയ്ക്ക് എത്ര ബസുകളും എത്ര ജീവനക്കാരെയും നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ മൂന്ന് ജെൻറം സർവ്വീസ് ഉൾപ്പെടെ 62 ഷെഡ്യൂളുകളിലായി 60 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.<br>നിലവിൽ 154 കണ്ടക്ടർമാരെയും 137 ഡ്രൈവർമാരെയും 22 മെക്കാനിക്കുകളെയും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ ബസുകളുടെയും ജീവനക്കാരുടെയും കുറവ് നിമിത്തം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | മതിയായ യാത്രക്കാരെ ലഭിക്കാതെ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ ബസ്സിന്റെ കുറവു മൂലം പ്രസ്തുത ഡിപ്പോയിൽ തല്ക്കാലികമായി റദ്ദാക്കാറുണ്ട്. നിലവിൽ സ്പെയർ ബസ്സുകൾ ഉൾപ്പെടെ 7 ഓർഡിനറി ബസ്സുകളുടെ കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>ചാത്തന്നൂർ ഡിപ്പോയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ